# റഫറി ഗോളടിക്കുമ്പോൾ

കെ. രാജേശ്വരി



റഫറി ഗോളടിക്കുമ്പോൾ

കെ. രാജേശ്വരി
(മലയാളം: ലേഖനം)

© 2023, Adv. A. Jayasankar

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Market Woman, a painting by Thomas Waterman Wood (1823–1903). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# റഹറി ഗോളടിക്കുമ്പോൾ

അഞ്ചു കൊല്ലത്തിലൊരിക്കൽ നടക്കുന്ന മാമാങ്കമാണ് നിയമസഭാ തെരഞ്ഞെടുപ്പ്. നാടൊട്ടുക്ക് കൊടിതോരണങ്ങൾ. കാതടപ്പിക്കുന്ന മൈക്ക് അനൗൺസ്മെന്റ്, മദ്യത്തിന്റെ ലഹരിക്കൊപ്പം ഉയരുന്ന പ്രവർത്തകരുടെ ആവേശം. ജാഥകൾ തീരെയില്ലാതായിരിക്കുന്നു. കലാസ്നേഹികളായ നാട്ടുകാരധികവും വിഡ്ഢിപ്പെട്ടിയുടെ മുന്നിലായതുകൊണ്ട് കവല പ്രസംഗകർക്ക് ശ്രോതാക്കൾ കുറവാണ്.

തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നവർ എല്ലാവരും മുഴുവൻ സമയ രാഷ്ട്രീയക്കാരോ കേസില്ലാ വക്കീലന്മാരോ ആയിരിക്കണമെന്ന് നിർബന്ധമില്ല. ഇടക്കും തലക്കുമൊക്കെ പത്രപ്രവർത്തകർ, സാഹിത്യകാരന്മാർ, സിനിമാനടന്മാർ എന്നിവർക്കും സീറ്റുകിട്ടാറുണ്ട്. പുന്നപ്ര സമരനായകൻ നയിക്കുന്ന മുന്നണിയിലാണെങ്കിൽ ഒരു കത്തനാരുവരെ സ്ഥാനാർത്ഥിയായിട്ടുണ്ട്.



കെ. ആർ. നാരായണൻ

ബ്യൂറോക്രാറ്റുകൾ ഉടുപ്പുമാറി രാഷ്ട്രീയത്തിലിറങ്ങുന്നതിലും പുതുമയൊന്നുമില്ല. മുൻ ഐ. എഫ്. എസുകാരനായ കെ. ആർ. നാരായണന്റെയും മുൻ ഐ. എ. എസുകാരനായ എസ്. കൃഷ്ണകുമാറിന്റെയും ഉദാഹരണങ്ങൾ നമ്മുടെ മുന്നിലുണ്ട്. വടക്കേ ഇന്ത്യയിലൊക്കെ സിവിൽ സർവീസുകാരോട് മൽസരിച്ച് മിലിറ്ററി സർവീസുകാരും രാഷ്ട്രീയത്തിൽ പയറ്റുന്നുണ്ട്—ജസ്വന്ത്സിംഗും ഖണ്ഡൂരിയും അറോറയുമൊക്കെ ഉദാഹരണങ്ങൾ.

ഇതൊക്കെയാണെങ്കിലും തെരഞ്ഞെടുപ്പു കമീഷണർ തന്നെ ഉദ്യോഗം രാജിവെച്ച് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ അസാരം പന്തികേടുണ്ട്. മത്സരത്തിന്റെ ആവേശത്തിൽ റഫറി കയറി ഗോളടിക്കുന്നതുപോലെ.



പി. കെ. ചാത്തൻ മാസ്റ്റർ

ഇക്കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ മുഖ്യ സംഘാടകനായിരുന്നു എം. എസ്. ജോസഫ്. നിഷ്പക്ഷമായും നീതിയുക്തമായുമാണ് തെരഞ്ഞെടുപ്പ് നടത്തിയതു് എന്നാണ് ജോസഫിന്റെ അവകാശവാദം. എന്നാൽ വാർഡുകളുടെ അതിർത്തി നിർണയം സംബന്ധിച്ചും വോട്ടർപട്ടികയിൽ പേരു ചേർക്കുന്നതിനെപ്പറ്റിയും ആക്ഷേപങ്ങൾ ഉണ്ടായി. പരാതിക്കാർ മിക്കവരും ഐക്യജനാധിപത്യ മുന്നണിക്കാരായിരുന്നു. ഇടതുമുന്നണിയെ സഹായിക്കത്തക്കവിധമാണ് വാർഡുകളുടെ അതിർത്തി നിശ്ചയിച്ചതു് എന്നായിരുന്നു പ്രധാന പരാതി. ഇതുസംബന്ധിച്ച് ഹൈക്കോടതിയിൽ ഹർജികളുണ്ടായി. പല പഞ്ചായത്തുകളിലെയും തെരഞ്ഞെടുപ്പ് കമ്മീഷനെതിരായി നിശിതമായ പരാമർശങ്ങൾ നടത്തിക്കൊണ്ട് ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ഹർജികൾ അനുവദിച്ചു. ഹൈക്കോടതി വിധിക്കെതിരെ സംസ്ഥാന സർക്കാറും തെരഞ്ഞെടുപ്പു കമ്മിഷനും സുപ്രീംകോടതിയെ സമീപിച്ചു. തെരഞ്ഞെടുപ്പ് നടപടികൾ ആരംഭിച്ചശേഷം കോടതി ഇടപെടരുതു് എന്ന തടസ്സവാദം അംഗീകരിച്ചുകൊണ്ട് സുപ്രീംകോടതി സ്റ്റേ അനുവദിച്ചു. സ്റ്റേ ഉത്തരവിന്റെ ബലത്തിലാണ് മലപ്പുറം ജില്ലാ പഞ്ചായത്ത് അടക്കമുള്ള ഇടങ്ങളിൽ തെരഞ്ഞെടുപ്പ് നടന്നതു്.



ടി. എൻ. ശേഷൻ

ഉദ്ദിഷ്ടകാര്യ സാധ്യത്തിന് ഉപകാരസ്മരണയായിട്ടാണ് ഇപ്പോൾ ജോസഫിന് അസംബ്ലി സീറ്റ് നൽകിയതു് എന്ന് ഐക്യമുന്നണിക്കാർ ആരോപിക്കുന്നു. ആളും അർത്ഥവുമില്ലാത്ത ജനതാദളിന്റെ (സെക്യുലർ) സ്ഥാനാർത്ഥിയായിട്ടാണ് മത്സരിക്കുന്നതെങ്കിലും ഈ ആരോപണം പ്രസക്തമാണ്. മാർക്സിസ്റ്റ് സ്ഥാനാർത്ഥിയായിരുന്നെങ്കിൽ പ്രശ്നം ഗുരുതരമായേനെ.



വീരേന്ദ്രകുമാർ

സിറ്റിങ് എം. എൽ. എ.-യെ മാറ്റിനിർത്തിയിട്ടാണ് തെരഞ്ഞെടുപ്പ് കമീഷണറെ മത്സരിപ്പിക്കുന്നതു് എന്നതും ശ്രദ്ധേയമാണ്. ‘നീല’ ലോഹിതദാസൻ നാടാർക്ക് സീറ്റുണ്ട്, സുലൈമാൻ റാവുത്തർക്ക് സീറ്റില്ല. സ്ത്രീ പീഡനംപോലെയാണോ അച്ചടക്കലംഘനം? പാർട്ടി വിരുദ്ധ പ്രവർത്തനം അനുവദിക്കില്ല എന്നാണ് വീരേന്ദ്രകുമാറിന്റെ വീരസ്യം. പാർട്ടിയിലെ അംഗമല്ലാത്തവരെ മത്സരിപ്പിച്ചാൽ പാർട്ടിവിരുദ്ധരെ പേടിക്കണ്ട.



ടി. എൻ. ചതുർവേദി

ടി. എൻ. ശേഷൻ ഗാന്ധിനഗറിൽ മത്സരിച്ചപ്പോൾ കോൺഗ്രസുകാർക്ക് ധാർമിക രോഷം ഉണ്ടാകാത്തതെന്താണെന്ന് വീരേന്ദ്രകുമാറിന് ചോദിക്കാം. സുപ്രീംകോടതി ജഡ്ജിയായിരുന്ന ബെഹറുൾ ഇസ്ലാം രാജിവെച്ച് (1982) കോൺഗ്രസ് ടിക്കറ്റിൽ ആസാം നിയമസഭയിലേക്ക് മത്സരിച്ചതും കുത്തിപ്പൊക്കാവുന്നതാണ്. രാജീവ്ഗാന്ധിയുടെ കാലത്ത് കേന്ദ്രമന്ത്രിസഭയെ പ്രതിക്കൂട്ടിലാക്കിയ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ടി. എൻ. ചതുർവേദിയെ ലോക്സഭയിലേക്ക് നിർത്തി വിജയിപ്പിച്ചതാരാണ് എന്ന് ബി. ജെ. പി.ക്കാരോടും ചോദിക്കാം.



രാജീവ്ഗാന്ധി

എം. എസ്. ജോസഫിന്റെ സ്ഥാനാർഥിത്വവുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട സംഗതി അദ്ദേഹം പട്ടിക വർഗത്തിൽപ്പെട്ട മലയരയ സമുദായക്കാരനാണ് എന്നതത്രെ. മേലുകാവിലും മറ്റുമുള്ള പട്ടികവർഗക്കാരുടെ വോട്ടിൽ കണ്ണുനട്ടാണ് അദ്ദേഹത്തെ സ്ഥാനാർഥിയാക്കിയിരിക്കുന്നതു്.



കെ. കരുണാകരൻ

പട്ടികജാതി/വർഗക്കാരെ സംവരണ മണ്ഡലങ്ങളിൽ മാത്രം സ്ഥാനാർത്ഥികളാക്കുന്നതാണ് ആർഷഭാരത പാരമ്പര്യം. പ്രബുദ്ധ കേരളവും ഈ പൊതുനിയമത്തിന് അപവാദമല്ല. പുലയന് മത്സരിക്കാൻ സംവരണ സീറ്റ്. ഭരിക്കാൻ പട്ടികജാതി വകുപ്പ് എന്ന സനാതന മന്ത്രമാണ് വിപ്ലവ പാർട്ടികൾവരെ ഉരുക്കഴിക്കുന്നതു്. 1982–87 കാലത്ത് കെ. കരുണാകരൻ പട്ടികജാതി ക്ഷേമവകുപ്പ് നേരിട്ട് ഭരിച്ചതും പി. കെ. വേലായുധനെ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയാക്കിയതുമാണ് ഒരേയൊരു അപവാദം.



അച്യുതമേനോൻ

പട്ടികജാതിക്കാരനെ പൊതുസീറ്റിൽ നിർത്താനുള്ള ചങ്കൂറ്റം വില്ലാളി വീരനായ കരുണാകരനു പോലുമുണ്ടായിട്ടില്ല. നിയമസഭാ തെരഞ്ഞെടുപ്പിനെ സംബന്ധിച്ചിടത്തോളം അപ്രകാരമൊരു സാഹസത്തിനൊരുങ്ങിയ ഏക പാർട്ടി സി. പി. ഐ. ആയിരുന്നു. 1967-ൽ അന്നത്തെ സപ്തകക്ഷി മുന്നണി സ്ഥാനാർത്ഥിയായി ചാലക്കുടിയിൽ സി. പി. ഐ. മത്സരിപ്പിച്ചതു് മുൻ മന്ത്രികൂടിയായിരുന്ന പി. കെ. ചാത്തൻ മാസ്റ്ററെയായിരുന്നു. തറവാടികളായ നായന്മാരും പ്രമാണികളായ നസ്രാണികളും ഏറെയുള്ള ചാലക്കുടിയിൽ കേവലം ഒരു ചാത്തനെ സ്ഥാനാർത്ഥിയാക്കാമോ എന്ന വിവരമുള്ള സഖാക്കൾ അന്ന് സംശയം പ്രകടിപ്പിക്കാതിരുന്നില്ല. എന്നാൽ, അച്യുതമേനോന് ഒരേനിർബന്ധം—ചാലക്കുടിയിൽ ചാത്തൻ മതി. അച്യുതമേനോന്റെ ശുഭാപ്തി വിശ്വാസത്തിന് വോട്ടെണ്ണൽവരെയേ ആയുസ്സുണ്ടായുള്ളൂ. വോട്ടെണ്ണിത്തീർന്നപ്പോൾ ചാത്തൻ മാസ്റ്റർക്ക് കിട്ടിയതു് 23109. കോൺഗ്രസിലെ പി. പി. ജോർജിന് 27,568. ഭൂരിപക്ഷം 3461 വോട്ട്. സംസ്ഥാനത്ത് അങ്ങോളമിങ്ങോളം ചെങ്കൊടിപാറിയ ആ തെരഞ്ഞെടുപ്പിൽ ജയിച്ച ഒമ്പതു കോൺഗ്രസുകാരിൽ ഒരാൾ ജോർജായിരുന്നു. ഏതായാലും അതോടെ സി. പി. ഐ.-ക്ക് വിവേകം ഉണ്ടായി. ഇരിങ്ങാലക്കുടക്കടുത്ത് മാടായിക്കോണത്തുകാരനായിരുന്ന സഖാവ് ചാത്തൻ മാസ്റ്റർ തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ സംവരണ സീറ്റിലാണ് 1970-ലും 1977-ലും മത്സരിച്ചു ജയിച്ചതു്.



കെ. കുഞ്ഞമ്പു

ലോകസഭയിലേക്ക് ഇത്തരമൊരു പരീക്ഷണം നടത്തി വിജയിച്ചതു് സാക്ഷാൽ എ. കെ. ആന്റണിയാണ്. 1980-ലെ ലോകസഭാ തെരഞ്ഞെടുപ്പിൽ കണ്ണൂർ സീറ്റിൽ പട്ടികജാതിക്കാരനായ കെ. കുഞ്ഞമ്പുവിനെ നിർത്തി. തിരു-കൊച്ചിയോളം ജാതിചിന്തയില്ല മലബാറിൽ എന്നതുകൊണ്ടും അന്നത്തെ ഇടതു-ജനാധിപത്യമുന്നണിയുടെ പ്രാബല്യംകൊണ്ടും കുഞ്ഞമ്പു വിജയിച്ചു.



എ. കെ. ആന്റണി

മാർത്തോമാശ്ലീഹയുടെ പാരമ്പര്യം അവകാശപ്പെടുന്ന, നമ്പൂതിരിമാരിൽനിന്ന് നേരിട്ട് പരിവർത്തനം ചെയ്ത, നല്ല സുറിയാനി ക്രിസ്ത്യാനികൾ ഏറെയുണ്ട് ഇടുക്കി നിയോജകമണ്ഡലത്തിൽ. കരയോഗം നായന്മാരും കുറവല്ല. സഖാവ് ചാത്തൻ മാസ്റ്ററുടെ വിധിയാകുമോ ജോസഫിനെ കാത്തിരിക്കുന്നതു്? വിമോചന സമരകാലത്ത് ഇടുക്കിയിലെ മലമടക്കുകളിൽ പ്രതിധ്വനിച്ച മുദ്രാവാക്യം “ചാത്തൻ പൂട്ടാൻ പോകട്ടെ, ചാക്കോ നാട്ടുഭരിക്കട്ടെ” എന്നായിരുന്നുവല്ലോ?



പി. കെ. വേലായുധൻ

ഏതായാലും എം. എസ്. ജോസഫിനെ സ്ഥാനാർത്ഥിയാക്കാൻ വടക്കേ വയനാട്ട് (പട്ടിക വർഗ സംവരണം) സീറ്റ് തെരഞ്ഞെടുക്കാതിരുന്നതിന് അച്യുതാനന്ദനോടും വീരേന്ദ്രകുമാറിനോടും നമ്മൾ നന്ദിയുള്ളവരായിരിക്കണം.

□

## അഡ്വക്കറ്റ് എ. ജയശങ്കർ



അഭിഭാഷകനും രാഷ്ട്രീയ നിരീക്ഷകനും രാഷ്ട്രീയ നിരൂപകനുമാണ് അഡ്വക്കറ്റ് എ. ജയശങ്കർ. മാധ്യമം ദിനപത്രത്തിൽ 'കെ. രാജേശ്വരി' എന്ന തൂലികാ നാമത്തിൽ എഴുതിയ ലേഖനങ്ങൾ ശ്രദ്ധിക്കപ്പെട്ടിരുന്നു. മലയാളികൾക്കിടയിൽ അദ്ദേഹം കൂടുതൽ പ്രശസ്തി നേടിയത് ഇന്ത്യാവിഷൻ ചാനലിലെ പ്രതിവാര ദിനപത്ര അവലോകന പരിപാടിയായ വാരാന്ത്യം എന്ന പരിപാടിയിലൂടെയാണ്. തനതായ ഒരു അവതരണ ശൈലിയാണ് ഈ പരിപാടിയിൽ അദ്ദേഹം പ്രകടമാക്കുന്നത്. മലയാളത്തിലെ പ്രമുഖ വാർത്താ ചാനലുകളിലെല്ലാം രാഷ്ട്രീയ ചർച്ചകളിൽ സ്ഥിരം സാന്നിധ്യമാണ് ഇദ്ദേഹം. കേരള രാഷ്ട്രീയത്തിലെയും ഇന്ത്യൻ രാഷ്ട്രീയത്തിലെയും ജയശങ്കറിന്റെ അഗാധമായ അറിവിനൊപ്പം ഹാസ്യവും ഗൗരവവും കലർന്ന അദ്ദേഹത്തിന്റെ നിർഭയത്വതോടെയുള്ള അവതരണ രീതിയും ഏറെ ജനപ്രിയമാണ്.

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണു് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളതു്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണു് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണു്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണു് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണു്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണു്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണു്. അവ സായാഹ്നപ്രവർത്തകർക്കു് കൂടുതൽ ഉത്തേജനം നൽകുന്നതാണു്.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014